**കേരള സർക്കാർ**

**ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (ബി) വകുപ്പ് ഡയറക്ടറുടെ**

**<u>നടപടിതീർപ്പ്</u>**

**( നിലവിൽ ശ്രീ. എം.നന്ദകുമാർ )**

വിഷയം:- ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് -വാർഷിക പദ്ധതികളുടെ നിർവ്വഹണം - നിരീക്ഷണത്തിനും അവലോകനത്തിനുമായി വകുപ്പിൽ സ്ഥിരം സംവിധാനം രൂപീകരിക്കുന്നതിന്റെ ഭാഗമായി പ്ളാൻ മോണിട്ടറിംഗ് ആന്റ് റിവ്യൂ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

സൂചന:- 12/6/09-ലെ ധനകാര്യ (പ്ളാനിംഗ്) വകുപ്പിന്റെ 49/09/ധന നമ്പർ സർക്കുലർ.

---

**ഉത്തരവ് നമ്പർ : 23801/ബി2/09/ഐ & പി.ആർ** **തിരുവനന്തപുരം, തീയതി: 18.08.2009**

---

ധനകാര്യ വകുപ്പിന്റെ സൂചനയിലെ സർക്കുലർ പ്രകാരം 2009-10 സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദത്തിൽ (ജൂൺ -30നകം) ബജറ്റ് വിഹിതത്തിന്റെ പത്ത് ശതമാനവും രണ്ടാം പാദത്തിൽ (സെപ്റ്റംബർ -30നകം) നാൽപ്പത് ശതമാനവും മൂന്നാം പാദത്തിൽ (ഡിസംബർ -31-നകം) എഴുപത് ശതമാനവും ബാക്കിയുള്ളത് അവസാന പാദത്തിലും ചെലവഴിക്കണമെന്ന് ബഹു. ചീഫ് സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ട്. അതിൻപ്രകാരം ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിലെ വാർഷിക പദ്ധതികളുടെ നിർവ്വഹണം അവലോകനം ചെയ്യുന്നതിനും തുടർച്ചയായി നിരീക്ഷിക്കുന്നതിനും നിലവിലുള്ള രീതികൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതിനുമായി വകുപ്പിൽ പദ്ധതി നിർവ്വഹണ കാര്യങ്ങൾ നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ഒരു സ്ഥിരം സമിതി- പ്ളാൻ മോണിട്ടറിംഗ് ആന്റ് റെവ്യൂ കമ്മിറ്റി- രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു. എല്ലാ മാസവും അവസാന വാരത്തിൽ സമിതി കൃത്യമായി യോഗം ചേർന്ന് പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ വിശകലനം ചെയ്ത് വേണ്ട തുടർ നടപടികളെപ്പറ്റി ചർച്ച ചെയ്യേണ്ടതും സമിതിയുടെ നിരീക്ഷണങ്ങളെ അടിസ്ഥാനമാക്കി പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പ്ളാൻ മോണിട്ടറിംഗ് ആന്റ് റിവ്യൂ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ ഡയറക്ടറും ഉപാധ്യക്ഷൻ അഡീഷണൽ ഡയറക്ടറുമായിരിക്കും ഡയറക്ട്രേറ്റിലെ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാരും അക്കൗണ്ട്സ് ഓഫീസറും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (ബി) വകുപ്പ് സെക്ഷൻ ഓഫീസറും അംഗങ്ങളായ സമിതിയുടെ കൺവീനർ ഇൻഫർമേഷൻ ഓഫീസർ (ആസൂത്രണവും വികസനവും) ആയിരിക്കും.

**എം.നന്ദകുമാർ**

**ഡയറക്ടർ ഓഫ് പബ്ലിക് റിലേഷൻസ്**

ഡയറക്ട്രേറ്റിലെ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
അക്കൗണ്ട്സ് ഓഫീസർ
ഡയറക്ട്രേറ്റിലെ എല്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
കൾച്ചറൽ ഡെവലപ്പ്മെന്റ് ഓഫീസർ
ചീഫ് ഫോട്ടോഗ്രാഫർ
ഡയറക്ട്രേറ്റിലെ എല്ലാ വകുപ്പുകൾക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ